# 166/2023

Maximum : 100 marks

Time : 1 hour and 15 minutes

1. താഴെ തന്നിരിക്കുന്നവയിൽ ശരിയായവ തെരഞ്ഞെടുക്കുക :
   (a) ഒരു ഉപഗ്രഹാധിഷ്ഠിത മാപ്പിങ് ടൂൾ സോഫ്റ്റ് വെയർ ആണ് ഭുവൻ.
   (b) ഗൂഗിൾ എർത്തിനു ബദലായി ഇന്ത്യ വികസിപ്പിച്ചെടുത്ത സംവിധാനം.
   (c) 2009 മാർച്ചിൽ പ്രവർത്തന ക്ഷമമായ ഭുവൻ ISRO ആണ് നിർമ്മിച്ചത്.
   (A) (a) യും (c) യും ശരിയാണ്  (B) (b) യും (c) യും ശരിയാണ്
   (C) (a) യും (b) യും (c) യും ശരിയാണ്  (D) (a) മാത്രം ശരിയാണ്

2. മലയാളം ദൃശ്യമാധ്യമ ചരിത്രത്തിലെ ആദ്യത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വാർത്ത അവതാരകൻ :
   (A) റോബിൻ ലി  (B) ഇവാൻ
   (C) റിച്ചാർഡ് സോക്കർ  (D) കെയ്ഡ്മെറ്റ്സ്

3. ഇന്ത്യയുടെ നികുതി സമ്പ്രദായവുമായി ബന്ധപ്പെട്ട ഏതാനും വസ്തുതകൾ താഴെ തന്നിരിക്കുന്നു. ഇവയിൽ ശരിയായ ജോഡികൾ കണ്ടെത്തുക :
   (a) GST എന്നതിന്റെ പൂർണ്ണരൂപം ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് എന്നാണ്
   (b) 103-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് GST നടപ്പിലാക്കിയത്
   (c) 2017 - July 1 – നാണ് ഈ നിയമം നിലവിൽ വന്നത്
   (d) ഇതൊരു പ്രത്യക്ഷ നികുതിയാണ്
   (A) (a) യും (d) യും ശരിയാണ്  (B) (b) യും (c) യും ശരിയാണ്
   (C) (a) യും (c) യും ശരിയാണ്  (D) (b) യും (d) യും ശരിയാണ്

4. നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പേര് കണ്ടെത്തുക :
   സൂചനകൾ :
   - നഗരങ്ങളിലെ തൊഴിൽ രഹിതർക്കാണ് ഈ പദ്ധതികൊണ്ടുള്ള പ്രയോജനം
   - സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നു
   - ദാരിദ്ര്യനിർമ്മാർജ്ജന പരിപാടിയുടെ ഭാഗമാണ്

   (A) അന്ത്യോദയ അന്നയോജന
   (B) അന്നപൂർണ്ണ
   (C) സ്വമിത്വ പദ്ധതി
   (D) സ്വർണ്ണജയന്തി ഷഹാരി റോസ്ഗാർ യോജന

5. ഇന്ത്യയുടെ കായികമേഖലയുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയായ രീതിയിൽ ക്രമപ്പെടുത്തുക :

| | | | |
|---|---|---|---|
| (a) | ഹോക്കി | (1) | പ്രഥമ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് |
| (b) | പി.ടി. ഉഷ | (2) | ലോക ചെസ് ചാമ്പ്യൻ പട്ടം നേടി |
| (c) | മുംബൈ ഇന്ത്യൻസ് | (3) | ഏറ്റവും കൂടുതൽ ഒളിമ്പിക് മെഡൽ നേടിയ ഇനം |
| (d) | വിശ്വനാഥൻ ആനന്ദ് | (4) | CUK യുടെ പ്രഥമ ഓണററി ഡോക്ടറേറ്റ് |

കോഡ് :

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (3) | (4) | (1) | (2) |
| (B) | (1) | (3) | (4) | (2) |
| (C) | (2) | (1) | (3) | (4) |
| (D) | (4) | (2) | (1) | (3) |

6. താഴെപ്പറയുന്നതിൽ <u>തെറ്റായ ജോഡികൾ</u> ഏതെല്ലാം?

(a) നിത്യചൈതന്യയതി – കരിഞ്ചന്ത

(b) പന്തിഭോജനം – സഹോദരൻ അയ്യപ്പൻ

(c) കുമാരനാശാൻ – ദുരവസ്ഥ

(d) വൈകുണ്ഠസ്വാമികൾ – സമത്വസമാജം

(A) (a) യും (b) യും തെറ്റാണ്
(B) (c) യും (d) യും തെറ്റാണ്
(C) (a) യും (d) യും തെറ്റാണ്
(D) (b) യും (c) യും തെറ്റാണ്

7. "കരിമ്പനപ്പട്ടകളിൽ കാറ്റ് പിടിക്കുന്നപോലെ ഞാൻ ചിലപ്പോൾ ചിലതിൽ നഷ്ടപ്പെടുന്നു അത് പകർത്താൻ ശ്രമിച്ചെന്നുമാത്രം". ഏത് കൃതിയുടെ ആമുഖത്തിലാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്?

(A) ആടുജീവിതം
(B) ഖസാക്കിന്റെ ഇതിഹാസം
(C) മതിലുകൾ
(D) രണ്ടാമൂഴം

8. ചേരുംപടി ചേർക്കുക - കലയും കലാകാരനും :

| | | | |
|---|---|---|---|
| (a) | അടൂർ ഗോപാലകൃഷ്ണൻ | (1) | ഓസ്കാർ നേടിയ ആദ്യ മലയാളി |
| (b) | ജെ.സി. ഡാനിയൽ | (2) | കേരള പീപ്പിൾസ് ആർട്സ് ക്ലബ്ബ് |
| (c) | റസൂൽ പൂക്കുട്ടി | (3) | മലയാള സിനിമയുടെ പിതാവ് |
| (d) | തോപ്പിൽ ഭാസി | (4) | ദേശീയ അവാർഡുകൾ നേടിയ മികച്ച സംവിധായകൻ |

സൂചന :

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (4) | (1) | (3) | (2) |
| (B) | (4) | (3) | (1) | (2) |
| (C) | (1) | (2) | (4) | (3) |
| (D) | (2) | (4) | (3) | (1) |

9. 2023 മാർച്ച് 30, രണ്ടാം G20 ഉച്ചകോടിയുടെ ഭാഗമായുള്ള ഷെർപസമ്മേളനത്തിന് വേദിയായ കേരളത്തിലെ സ്ഥലം :

(A) കുമളി
(B) തിരുവനന്തപുരം
(C) കുമരകം
(D) മൂന്നാർ

10. ഇന്ത്യയുടെ സാംസ്കാരിക ചരിത്രവുമായി ബന്ധപ്പെട്ട് താഴെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തുക :

(a) കേരളത്തിന്റെ തനതു നൃത്തരൂപമാണ് ഭരതനാട്യം

(b) കർണ്ണാടകയുടെ തനതുസംഗീതശാഖയാണ് സോപാനസംഗീതം

(c) ഇന്ത്യയിൽ നിന്നാദ്യമായി ലോക പൈതൃക പട്ടികയിൽ ഇടം നേടിയവ അജന്ത-എല്ലോറ ഗുഹകൾ, താജ്മഹൽ എന്നിവയാണ്

(d) ചരിത്രത്തെ വർത്തമാനകാലവുമായി ബന്ധിപ്പിക്കുന്ന കണ്ണികളാണ് സ്മാരകങ്ങൾ

സൂചനകൾ :

(A) (a) യും (b) യും ശരിയാണ്
(B) (a) യും (c) യും ശരിയാണ്
(C) (b) യും (d) യും ശരിയാണ്
(D) (c) യും (d) യും ശരിയാണ്

11. ലക്ഷദ്വീപ് സമൂഹത്തിലെ ഏറ്റവും വലിയ ദ്വീപ് :

(A) മിനിക്കോയ് ദ്വീപ്
(B) അമിനി ദ്വീപ്
(C) കണ്ണൂർ ദ്വീപ്
(D) അന്തമാൻ ദ്വീപ്

12. ദക്ഷിണ ഇന്ത്യയിലെ രണ്ടാമത്തെ ഉയരം കൂടിയ കൊടുമുടി :

(A) നീലഗിരി
(B) ആനമുടി
(C) ദൊഡാ ബെട്ട
(D) കുമ്പാച്ചി മല

13. മൊളാസിസ് ബേസിൻ എന്നറിയപ്പെടുന്ന സംസ്ഥാനം :

(A) തമിഴ്നാട്
(B) കർണ്ണാടക
(C) മിസോറം
(D) ആസ്സാം

14. ഇന്ത്യയുടെയും ശ്രീലങ്കയുടെയും ഇടയിലുള്ള കടലിടുക്ക് :

(A) സിലോൺ കടലിടുക്ക്
(B) മന്നാർ കടലിടുക്ക്
(C) അറബി കടലിടുക്ക്
(D) പാക് കടലിടുക്ക്

15. റൂർക്കല ഉരുക്കു നിർമ്മാണശാല ആരംഭിച്ചത് ഏതു രാജ്യത്തിന്റെ സഹകരണത്തോടുകൂടിയാണ്?

(A) റഷ്യ
(B) ബ്രിട്ടൻ
(C) ഭൂട്ടാൻ
(D) ജർമ്മനി

16. പശ്ചിമഘട്ട മലനിരകളും പൂർവ്വഘട്ട മലനിരകളും കൂടിച്ചേരുന്ന ഭാഗം :

(A) കുടക്
(B) നെല്ലിയാമ്പതി
(C) നീലഗിരി
(D) പളനി

17. ദേശീയപാത-1 (NH-1) ബന്ധപ്പെടുത്തുന്ന സ്ഥലങ്ങൾ :

(A) ഡൽഹി-ആഗ്ര
(B) ഡൽഹി-അമൃത്സർ
(C) ഡൽഹി-ബോംബെ
(D) ഡൽഹി-ചെന്നൈ

18. ഇന്ത്യയിലെ ഏറ്റവും വലിയ എണ്ണ ശുദ്ധീകരണശാല സ്ഥിതിചെയ്യുന്നത് :

(A) ജാംനഗർ
(B) കൊയിലി
(C) ബറൌണി
(D) മംഗലാപുരം

19. ഇന്ത്യയിൽ ഒന്നാം പഞ്ചവത്സരപദ്ധതി ആരംഭിച്ച വർഷം :

(A) 1950 (B) 1951

(C) 1955 (D) 1957

20. കേരളത്തിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ള ജില്ല :

(A) കോഴിക്കോട് (B) കൊല്ലം

(C) കണ്ണൂർ (D) കാസർഗോഡ്

21. സഹകരണ സംഘങ്ങളിൽ യൂണിയനുകൾ അഥവാ അസോസിയേഷനുകൾ രൂപീകരിക്കാം എന്ന് എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലാണ് നിർദ്ദേശിക്കുന്നത്?

(A) 44-ാം ഭരണഘടനാ ഭേദഗതി (B) 103-ാം ഭരണഘടനാ ഭേദഗതി

(C) 97-ാം ഭരണഘടനാ ഭേദഗതി (D) 4-ാം ഭരണഘടനാ ഭേദഗതി

22. ഇന്ത്യയിലെ നിലവിലെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് :

(A) ധനഞ്ജയ യശ്വന്ത് ചന്ദ്രചൂഡ് (B) ദാമോദർ യാദവ് ചന്ദ്രചൂഡ്

(C) ദാമോദർ സാംബ ചന്ദ്രചൂഡ് (D) ദിവാകർ യാദവ് ചന്ദ്രചൂഡ്

23. താഴെപ്പറയുന്നവയിൽ മനുഷ്യാവകാശ കമ്മീഷന്റെ ചുമതലയിൽ ഉൾപ്പെടാത്തത് ഏത്?

(A) മനുഷ്യാവകാശ ലംഘന പരാതിയിൽ അന്വേഷണം നടത്തുക

(B) ജയിൽ സന്ദർശനം

(C) മനുഷ്യാവകാശവുമായി ബന്ധപ്പെട്ടവയിൽ ഗവേഷണം നടത്തുക

(D) മനുഷ്യാവകാശ ധ്വംസനം നടത്തിയ ഗവണ്മെന്റ് ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്ന് പിരിച്ചു വിടുക

24. വിവരാവകാശ നിയമം 2005 പ്രകാരം ശരിയായത് കണ്ടെത്തുക :

(1) ഈ നിയമത്തിന് ജമ്മു കാശ്മീർ സംസ്ഥാനം ഒഴികെ ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കും

(2) വിവരം ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന ഒരാൾ അപേക്ഷ ഇംഗ്ലീഷിലോ അപേക്ഷ നൽകുന്ന ആ സ്ഥലത്തെ ഔദ്യോഗിക ഭാഷയിലോ മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ

(3) വിദേശ സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള രഹസ്യവിവരം, വിവരം വെളിപ്പെടുത്തലിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു

(4) കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ എന്നത് ചീഫ് ഇൻഫർമേഷൻ കമ്മീഷണറും ആവശ്യമെങ്കിൽ പത്തിൽ കവിയാതെ അത്രയും എണ്ണം കേന്ദ്ര ഇൻഫർമേഷൻ കമ്മീഷണർമാരും ഉണ്ടായിരിക്കും

(A) (1), (2), (4) ശരി (B) (2), (3), (4) ശരി

(C) (1), (2), (3) ശരി (D) (1), (3), (4) ശരി

25. കേരളത്തിലെ ഇപ്പോഴത്തെ മുഖ്യ വിവരാവകാശ കമ്മീഷണർ :

(A) പാലാട്ട് മോഹൻ ദാസ് (B) വിൻസൻ എം. പോൾ

(C) വിശ്വാസ് മേത്ത (D) സിബി മാത്യൂസ്

26. ഇന്ത്യൻ ഭരണഘടനയിൽ റിട്ടുകൾ എന്ന ആശയം ഏത് രാജ്യത്തിൽ നിന്നുമാണ് കടം എടുത്തിരിക്കുന്നത്?
   (A) ബ്രിട്ടൺ
   (B) കാനഡ
   (C) അമേരിക്ക
   (D) റഷ്യ

27. ഇന്ത്യയിൽ വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്നത് :
   (A) 2009 ജനുവരി 1
   (B) 2010 ഏപ്രിൽ 1
   (C) 2019 ഒക്ടോബർ 31
   (D) 2011 മെയ് 31

28. ജനങ്ങളുടെ അവകാശം സംരക്ഷിക്കുന്നതിനായി ഇന്ത്യയിൽ ആദ്യമായി പ്രമേയം അവതരിപ്പിച്ച വ്യക്തി :
   (A) ജവഹർലാൽ നെഹ്റു
   (B) മോത്തിലാൽ നെഹ്റു
   (C) ഡോ. ബി.ആർ. അംബേദ്ക്കർ
   (D) സർദാർ വല്ലഭായ് പട്ടേൽ

29. കരുതൽ തടങ്കലിൽ ഇരിക്കുന്ന വ്യക്തിയുടെ അറസ്റ്റ് എത്ര ദിവസം അഥവാ മാസം പരമാവധി നീട്ടിക്കൊണ്ടുപോകാവുന്നതാണ്?
   (A) 21 ദിവസം
   (B) 14 ദിവസം
   (C) 3 മാസം
   (D) 6 മാസം

30. 1980 ലെ "സുനിൽ ബത്ര & ഡൽഹി അഡ്മിനിസ്ട്രേഷൻ" കേസ് ഏത് വിഷയവുമായി ബന്ധപ്പെട്ടിരിക്കുന്നു?
   (A) ശുചിത്വ പരിപാലനം
   (B) കെട്ടിട നിർമ്മാണം
   (C) വായു മലിനീകരണം
   (D) പൊതുതാല്പര്യ ഹർജി

31. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് ശക്തി പകർന്ന 'വരിക വരിക സഹജരേ' എന്ന ഗാനം രചിച്ചതാര്?
   (A) അബനീന്ദ്രനാഥ ടാഗോർ
   (B) അംശി നാരായണപിള്ള
   (C) വള്ളത്തോൾ നാരായണ മേനോൻ
   (D) സുബ്രഹ്മണ്യഭാരതി

32. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമ ലക്ഷ്യം 'പൂർണ്ണ സ്വരാജ്' എന്ന് പ്രഖ്യാപിച്ച കോൺഗ്രസ്സ് സമ്മേളനം :
   (A) നാഗ്പൂർ
   (B) ബോംബെ
   (C) ലാഹോർ
   (D) കൊൽക്കട്ട

33. ബംഗാളിലെ കർഷകർ നടത്തിയ സന്യാസി കലാപം പ്രമേയമാക്കി രചിച്ച നോവലേത്?
   (A) നീൽ ദർപ്പൺ
   (B) ഗീതാഞ്ജലി
   (C) ഗ്രാമീണ ചെണ്ടക്കാരൻ
   (D) ആനന്ദമഠം

34. ഭൂമിയുടെ ഉത്തരധ്രുവത്തെയും ദക്ഷിണധ്രുവത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന അർദ്ധവൃത്താകൃതിയിലുള്ള സാങ്കല്പികരേഖകളാണ് :
   (A) അക്ഷാംശരേഖകൾ
   (B) രേഖാംശരേഖകൾ
   (C) ഗ്രീനിച്ച് രേഖ
   (D) ഭൂമദ്ധ്യരേഖ

35. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി പോരാടുകയും പതിനേഴാം വയസ്സിൽ സമാധാന ത്തിനുള്ള നോബൽ സമ്മാനം നേടുകയും ചെയ്തതാര്?
(A) മലാല യൂസഫ് സായി
(B) അരുണാ ആസഫലി
(C) കൈലാസ് സത്യാർത്ഥി
(D) ഫറാബക്കർ

36. ദക്ഷിണേന്ത്യയിലെ നെല്ലറ എന്നറിയപ്പെടുന്ന പ്രദേശം :
(A) മറാത്ത
(B) പാനിപ്പത്ത്
(C) ഡൽഹി
(D) റെയ്ച്ചൂർ

37. ഛത്രപതി എന്ന സ്ഥാനപ്പേര് സ്വീകരിച്ച മറാത്ത ഭരണാധികാരി :
(A) കൃഷ്ണദേവരായർ
(B) ശിവജി
(C) ഹരിഹരൻ
(D) അലാവുദ്ദീൻ ഖിൽജി

38. കൊടും തണുപ്പുള്ള രാജ്യങ്ങളിൽ സ്ഫടിക മേൽക്കൂരയുള്ള കെട്ടിടങ്ങളിൽ വിളകൾ നട്ടുവളർത്തുന്ന രീതിയാണ് :
(A) ഹരിത ഗൃഹ കൃഷി
(B) ഫെർട്ടിഗേഷൻ
(C) കൃത്യതാ കൃഷി
(D) ഹൈഡ്രോപോണിക്സ്

39. ലോകത്തിലെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയുള്ള രാജ്യം :
(A) അമേരിക്ക
(B) ബ്രിട്ടൺ
(C) ഇന്ത്യ
(D) ഫ്രാൻസ്

40. മൗലികാവകാശങ്ങളിൽ ഉൾപ്പെടുന്നതേത്?
(A) സമത്വത്തിനുള്ള അവകാശം
(B) സ്വാതന്ത്ര്യത്തിനുള്ള അവകാശം
(C) ഭരണഘടനാപരമായ പരിഹാരത്തിനുള്ള അവകാശം
(D) ഇവയെല്ലാം

41. അന്തരീക്ഷതാപം അളക്കുന്ന ഉപകരണം :
(A) ബാരോമീറ്റർ
(B) തെർമോമീറ്റർ
(C) അനിമോമീറ്റർ
(D) വിൻഡ് വെയിൻ

42. സമത്വസമാജം സ്ഥാപിച്ചതാര്?
(A) വൈകുണ്ഠസ്വാമികൾ
(B) ചട്ടമ്പിസ്വാമികൾ
(C) ശ്രീനാരായണഗുരു
(D) വാഗ്ഭടാനന്ദൻ

43. തിരുവിതാംകൂറിലെ അവർണ്ണവിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് മുട്ടിന് താഴെ എത്തുംവിധം മുണ്ടുടുക്കാനും മേൽമുണ്ട് ധരിക്കാനുമുള്ള അവകാശത്തിനുവേണ്ടി നടന്ന സമരം :
(A) കല്ലുമാല സമരം
(B) ചാന്നാർ ലഹള
(C) തോൽവിറക് സമരം
(D) വില്ലുവണ്ടി സമരം

44. ജാലിയൻ വാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് കൈസർ എ ഹിന്ദ് പദവി ബ്രിട്ടീഷ് ഗവണ്മെന്റിന് തിരികെ നൽകിയതാര്?
- (A) ലാലാ ഹർദ്ദയാൽ
- (B) ഗാന്ധിജി
- (C) ഭഗത്സിംഗ്
- (D) സുഖ്ദേവ്

45. ഭരണഘടനാ നിർമ്മാണസഭയുടെ അദ്ധ്യക്ഷൻ :
- (A) ഡോ. ബി.ആർ. അംബേദ്കർ
- (B) ഡോ. രാജേന്ദ്രപ്രസാദ്
- (C) ഡോ. സച്ചിദാനന്ദ സിൻഹ
- (D) ജവഹർലാൽ നെഹ്റു

46. മരുഭൂമിയിലെ കപ്പൽ എന്നറിയപ്പെടുന്ന മൃഗം :
- (A) കുതിര
- (B) കഴുത
- (C) ഒട്ടകം
- (D) വരയാട്

47. മെസൊപ്പൊട്ടാമിയ എന്ന വാക്കിനർത്ഥം :
- (A) വിശുദ്ധമായ എഴുത്ത്
- (B) നദികൾക്കിടയിലുള്ള പ്രദേശം
- (C) നദികളുടെ പ്രഭവസ്ഥാനം
- (D) വിശുദ്ധമായ ലിപി

48. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജനസമരം :
- (A) സിവിൽ നിയമലംഘന സമരം
- (B) നിസ്സഹകരണ സമരം
- (C) തെലങ്കാന സമരം
- (D) ക്വിറ്റ് ഇന്ത്യാ സമരം

49. വിധവകൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി ബോംബെയിൽ ശാരദാസദൻ സ്ഥാപിച്ചതാര്?
- (A) ഈശ്വരചന്ദ്രവിദ്യാസാഗർ
- (B) പണ്ഡിതരമാബായി
- (C) രാജാറാം മോഹൻ റോയ്
- (D) ആനിബസന്റ്

50. ഈജിപ്തിന്റെ ജീവരക്തം എന്നു വിശേഷിപ്പിക്കപ്പെടുന്ന നദി :
- (A) ആമസോൺ
- (B) നൈൽ
- (C) സീൻ
- (D) ഡാന്യൂബ്

51. ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിന് നേതൃത്വം നൽകുകയും ഒരു അന്താരാഷ്ട്രവേദിയിൽ ഇന്ത്യയുടെ ത്രിവർണ്ണപതാക ആദ്യമായി ഉയർത്തുകയും ചെയ്ത ധീരവനിത :
- (A) ആനിബസന്റ്
- (B) അമൃതാ ഷേർഗൽ
- (C) മാഡം ബിക്കാജികാമ
- (D) ജോതിബാഫൂലെ

52. പ്രാദേശിക ഭാഷാപത്രനിയമം നടപ്പിലാക്കിയതാര്?
- (A) ലിട്ടൺ പ്രഭു
- (B) റിപ്പൺ പ്രഭു
- (C) കഴ്സൺ പ്രഭു
- (D) മെക്കാളെ പ്രഭു

53. വിദ്യാഭ്യാസ അവകാശം ഉൾപ്പെടുത്തിയിട്ടുള്ളത് ഭരണഘടനയുടെ ഏത് അനുച്ഛേദത്തിലാണ്?
- (A) 21 (a)
- (B) 24 (a)
- (C) 23
- (D) 21

54. തിരുവിതാംകൂറിലെ രാജവാഴ്ചയുടെ അഴിമതികളെയും അനീതികളെയും വെളിച്ചത്തുകൊണ്ടു വന്ന സ്വദേശാഭിമാനി പത്രത്തിന്റെ സ്ഥാപകൻ :

(A) രാമകൃഷ്ണപിള്ള
(B) വക്കം അബ്ദുൽ ഖാദർ മൗലവി
(C) പണ്ഡിറ്റ് കെ.പി. കറുപ്പൻ
(D) പൊയ്കയിൽ അപ്പച്ചൻ

55. 'വിദ്യ കൊണ്ട് പ്രബുദ്ധരാവുക സംഘടനകൊണ്ട് ശക്തരാകുക' എന്ന സന്ദേശം നൽകിയ സാമൂഹ്യപരിഷ്കർത്താവ് :

(A) ചട്ടമ്പി സ്വാമികൾ
(B) ശ്രീനാരായണ ഗുരു
(C) അയ്യങ്കാളി
(D) വി.ടി. ഭട്ടതിരിപ്പാട്

56. പരോക്ഷനികുതിയല്ലാത്തതേത്?

(A) സേവനനികുതി
(B) വിനോദനികുതി
(C) വ്യക്തിഗത ആദായ നികുതി
(D) പരസ്യനികുതി

57. 'ഇന്ത്യയുടെ ധാന്യപ്പുര' എന്നറിയപ്പെടുന്ന ഭൂപ്രകൃതി വിഭാഗം :

(A) ഉത്തരമഹാസമതലം
(B) ഉത്തരപർവ്വതമേഖല
(C) ഉപദ്വീപിയ പീഠഭൂമി
(D) തീരസമതലം

58. ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരിപ്പാടം സ്ഥിതിചെയ്യുന്ന സംസ്ഥാനം :

(A) തമിഴ്നാട്
(B) ഝാർഖണ്ഡ്
(C) പശ്ചിമബംഗാൾ
(D) മഹാരാഷ്ട്ര

59. പാതിരാ കൊക്കിന്റെ കേന്ദ്രമെന്ന് അറിയപ്പെടുന്ന കേരളത്തിലെ പക്ഷിസങ്കേതം :

(A) കുമരകം
(B) തട്ടേക്കാട്
(C) പക്ഷിപാതാളം
(D) മംഗളവനം

60. വറ്റിവരണ്ടുപോയ ഏത് പുഴയുടെ നീരൊഴുക്കാണ് അട്ടപ്പാടിയിൽ വീണ്ടെടുത്തുകൊണ്ടിരിക്കുന്നത്?

(A) താണിക്കുടം പുഴ
(B) മയ്യഴിപ്പുഴ
(C) ചന്ദ്രഗിരിപ്പുഴ
(D) കൊടുങ്ങരപ്പള്ളം പുഴ

61. മനുഷ്യശരീരത്തിലെ ഏത് അവയവത്തെ ആവരണം ചെയ്താണ് പെരികാർഡിയം എന്ന ഇരട്ടസ്തരം കാണപ്പെടുന്നത് :

(A) ശ്വാസകോശം
(B) മസ്തിഷ്ക്കം
(C) വൃക്ക
(D) ഹൃദയം

62. അന്തരീക്ഷവായുവിലൂടെ പകരാത്ത രോഗം ഏത്?

(A) ക്ഷയം
(B) ഡിഫ്ത്തീരിയ
(C) കുഷ്ഠം
(D) ചിക്കൻപോക്സ്

63. ജീവകം A യുടെ അപര്യാപ്തതകൊണ്ട് ഉണ്ടാകുന്ന ഒരു രോഗം :

(A) കണ
(B) സ്കർവ്വി
(C) ഗോയിറ്റർ
(D) നിശാന്ധത

64. ഭക്ഷ്യവസ്തുക്കളിൽ മഞ്ഞനിറം നൽകുന്നതിനായി ഉപയോഗിക്കുന്ന ഒരു രാസവസ്തു :

(A) ടാർട്രസിൻ (B) കാർമോയ്സിൻ
(C) ഇന്റിഗോകാർമൈൻ (D) പോൺസി 4R

65. കേരളത്തിലെ പ്രമേഹ രോഗികളായ BPL വിഭാഗത്തിലെ മുതിർന്ന പൗരന്മാർക്ക് സൗജന്യമായി ഗ്ലൂക്കോമീറ്റർ നൽകുന്ന സാമൂഹ്യാരോഗ്യസുരക്ഷാ പദ്ധതി :

(A) വയോ അമൃതം പദ്ധതി (B) വയോ മധുരം പദ്ധതി
(C) മന്ദഹാസം പദ്ധതി (D) വയോ മിത്രം പദ്ധതി

66. പപ്പായയുടെ ജന്മദേശം ഏത്?

(A) അമേരിക്ക (B) ചൈന
(C) ബ്രസീൽ (D) ജർമ്മനി

67. നെൽച്ചെടിയിലെ പരാഗണകാരി ഏത്?

(A) ജലം (B) തേനീച്ച
(C) കാറ്റ് (D) പൂമ്പാറ്റ

68. കേരളത്തിൽ വൻ നാശനഷ്ടം വരുത്തിയ ഓഖി ദുരന്തം ഉണ്ടായത് എന്ന്?

(A) 2018 നവംബർ 29 (B) 2017 നവംബർ 29
(C) 2018 നവംബർ 27 (D) 2017 ഒക്ടോബർ 29

69. 'ചന്ദ്രശങ്കര' ഏത് വിളയുടെ സങ്കരയിനമാണ്?

(A) മാവ് (B) വെണ്ട
(C) മുളക് (D) തെങ്ങ്

70. ഏഷ്യയിലെ ആദ്യത്തെ ബട്ടർഫ്ലൈ സഫാരി പാർക്ക് എവിടെ സ്ഥിതിചെയ്യുന്നു?

(A) തെന്മല (B) ശ്രീനഗർ
(C) തട്ടേക്കാട് (D) സിംല

71. ഒരു മൂലകത്തെ മറ്റ് മൂലകങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്ന കണം ഏത്?

(A) പ്രോട്ടോൺ (B) ന്യൂട്രോൺ
(C) ഇലക്ട്രോൺ (D) പോസിട്രോൺ

72. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏത് ലോഹത്തിന്റെ അയിരാണ് കലാമിൻ?

(A) ഇരുമ്പ് (B) അലുമിനിയം
(C) സിങ്ക് (D) കോപ്പർ

73. ആധുനിക പീരിയോഡിക് ടേബിളിൽ അലസവാതകങ്ങൾ ഏത് ഗ്രൂപ്പിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

(A) ഗ്രൂപ്പ് 1 (B) ഗ്രൂപ്പ് 6
(C) ഗ്രൂപ്പ് 14 (D) ഗ്രൂപ്പ് 18

74. പൊട്ടാസ്യം പെർമാംഗനേറ്റ് തരികൾ ചൂടാക്കിയാൽ ഉണ്ടാകുന്ന വാതകം ഏത്?
   (A) ഹൈഡ്രജൻ  (B) ഓക്സിജൻ
   (C) കാർബൺ ഡൈ ഓക്സൈഡ്  (D) ക്ലോറിൻ

75. വ്യത്യസ്ത മണ്ണിനങ്ങളുടെ pH മൂല്യം തന്നിരിക്കുന്നു. ഏത് pH മൂല്യമുള്ള മണ്ണിലാണ് കുമ്മായം ചേർക്കേണ്ടത്?
   (A) 7  (B) 3
   (C) 10  (D) 14

76. ചന്ദ്രൻ ഭൂമിയെ ഒരു തവണ പരിക്രമണം ചെയ്യുന്നതിന് എത്ര ദിവസം വേണ്ടിവരുന്നു?
   (A) $27\frac{1}{3}$ ദിവസം  (B) $29\frac{1}{3}$ ദിവസം
   (C) $28\frac{3}{4}$ ദിവസം  (D) $28\frac{1}{3}$ ദിവസം

77. താഴെ തന്നിരിക്കുന്നവയിൽ ദോലനവുമായി ബന്ധപ്പെട്ട ചലനം ഏത്?
   (A) എയ്തുവിട്ട അമ്പിന്റെ ചലനം  (B) ജയന്റ് വീലിന്റെ ചലനം
   (C) റോക്കറ്റിന്റെ ചലനം  (D) ഊഞ്ഞാലിന്റെ ചലനം

78. വിവിധതരം ദർപ്പണങ്ങളുടെ സവിശേഷതകളാണ് താഴെ തന്നിരിക്കുന്നത്. ഇവയിൽ ഒരു കോൺകേവ് ദർപ്പണത്തിന്റെ സവിശേഷതകളായി പരിഗണിക്കാവുന്നവ ഏവ?
   (a) വസ്തുവിന് സമാനമായ പ്രതിബിംബം രൂപീകരിക്കുന്നു
   (b) വസ്തുവിനേക്കാൾ ചെറിയ പ്രതിബിംബം രൂപീകരിക്കുന്നു
   (c) വസ്തുവിനേക്കാൾ വലിയ പ്രതിബിംബം രൂപീകരിക്കുന്നു
   (A) (a) യും (b) യും  (B) (a) യും (c) യും
   (C) (b) യും (c) യും  (D) ഇവയിലൊന്നുമല്ല

79. തന്മാത്രകളുടെ സ്ഥാനമാറ്റം മുഖേന താപം പ്രേഷണം ചെയ്യപ്പെടുന്ന രീതിയെ എന്ത് പേരിൽ അറിയപ്പെടുന്നു?
   (A) ചാലനം  (B) സംവഹനം
   (C) വികിരണം  (D) സ്വേദനം

80. വേട്ടക്കാരൻ നക്ഷത്ര ഗണത്തിന്റെ വലതു ചുമലിന്റെ സ്ഥാനത്ത് ചുവന്നു കാണുന്ന നക്ഷത്രം ഏത്?
   (A) കാശ്യപി  (B) തിരുവോണം
   (C) തിരുവാതിര  (D) കാർത്തിക

**81.** രമ സ്കൂളിൽ നിന്നും 500 മീറ്റർ ദൂരം 3 മിനിട്ട് കൊണ്ടും 800 മീറ്റർ ദൂരം 10 മിനിട്ട് കൊണ്ടും സഞ്ചരിച്ച് വീട്ടിലെത്തി. എന്നാൽ രമ സഞ്ചരിച്ച ശരാശരി വേഗതയെത്ര?

(A) $\frac{25}{3}$ മീറ്റർ/സെക്കന്റ്
(B) $\frac{5}{3}$ മീറ്റർ/സെക്കന്റ്
(C) 100 മീറ്റർ/സെക്കന്റ്
(D) 13 മീറ്റർ/സെക്കന്റ്

**82.** $\sqrt{0.0064}$ =

(A) 0.02
(B) 0.04
(C) 0.06
(D) 0.08

**83.** 750 നോട് ഏത് സംഖ്യ കൂട്ടിയാലാണ് ഒരു പൂർണ്ണവർഗ്ഗമാകുന്നത്?

(A) 31
(B) 34
(C) 36
(D) 39

**84.** ഒരു പേനക്കും പെൻസിലിനും കൂടി 20 രൂപയാകുന്നു. പെൻസിലിന്റെ വിലയുടെ 3 മടങ്ങാണ് പേനയുടെ വിലയെങ്കിൽ പേനയുടെയും പെൻസിലിന്റെയും വിലയെത്ര?

(A) 12, 8
(B) 15, 5
(C) 8, 12
(D) 5, 15

**85.** ക്രിയ ചെയ്യുക : $295 \times 3 + [(45 \times 2) \div 3] \times 7$

(A) 1050
(B) 1010
(C) 1095
(D) 1100

**86.** $10^3 \times 2^2 \times 5^3 \times 2$ എത്ര?

(A) 1000
(B) 10000
(C) 100000
(D) 1000000

**87.** ഒരു കിലോ ആപ്പിളിന്റെ വില 180 രൂപ. ഇത് 201.60 രൂപയ്ക്ക് വിറ്റു. ലാഭശതമാനം അല്ലെങ്കിൽ നഷ്ടശതമാനം കണക്കാക്കുക :

(A) 10%
(B) 12%
(C) 14%
(D) 18%

**88.** ക്രിയ ചെയ്യുക : $\frac{8}{5}+\frac{1}{7}-\frac{3}{10}$

(A) $\frac{35}{70}$
(B) $\frac{101}{70}$
(C) $\frac{110}{70}$
(D) $\frac{120}{70}$

**89.** $[(-49) \div 7] \div 7$ എത്ര?

(A) 49
(B) –49
(C) –1
(D) 1

**90.** 5 കുട്ടികളുടെ ഉയരങ്ങളുടെ ശരാശരി 150 cm ആകുന്നു. ഇതിൽ 4 കുട്ടികളുടെ ഉയരം യഥാക്രമം 140, 156, 155, 152 cm ആകുന്നു. എന്നാൽ 5-ാമത്തെ കുട്ടിയുടെ ഉയരം എത്ര?

(A) 147
(B) 148
(C) 150
(D) 151

91. 216, 72, 30 ഇവയുടെ ഉ.സാ.ഘ. കാണുക :

(A) 4
(B) 5
(C) 6
(D) 7

92. റിയയുടെയും ദിയയുടെയും വയസ്സുകൾ തമ്മിലുള്ള വ്യത്യാസം 4 ആകുന്നു. ദിയയുടെ വയസ്സിന്റെ 3 മടങ്ങിനോട് 1 കൂട്ടിയാൽ റിയയുടെ വയസ്സ് കിട്ടും. എന്നാൽ റിയയുടേയും ദിയയുടേയും വയസ്സെത്ര?

(A) $\left(5\frac{1}{2}, 1\frac{1}{2}\right)$
(B) $\left(9\frac{1}{2}, 5\frac{1}{2}\right)$
(C) $\left(15\frac{1}{2}, 11\frac{1}{2}\right)$
(D) $\left(16\frac{1}{2}, 12\frac{1}{2}\right)$

93. $5^x = 125$ ആയാൽ $x$ എത്ര?

(A) 2
(B) 3
(C) 4
(D) 5

94. ഒരാൾ നിൽക്കുന്നിടത്തുനിന്നും തെക്കോട്ട് 3 കി.മീറ്റർ നടന്നു. അവിടെ നിന്നും പടിഞ്ഞാറോട്ട് 4 കി.മീറ്റർ നടന്നു. എന്നാൽ യാത്ര തുടങ്ങിയ സ്ഥലത്തുനിന്നും ഇപ്പോൾ നിൽക്കുന്ന സ്ഥലത്തേക്കുള്ള കുറഞ്ഞ ദൂരം എത്ര കി.മീറ്റർ?

(A) 12 km
(B) 7 km
(C) 5 km
(D) 1 km

95. ഒറ്റയാനെ കണ്ടെത്തുക : 425, 230, 317, 165

(A) 165
(B) 425
(C) 317
(D) 230

96. '+' എന്നാൽ '×', '–' എന്നാൽ '÷', '÷' എന്നാൽ '+', '×' എന്നാൽ '–' ആയാൽ താഴെ കൊടുത്തിട്ടുള്ള ക്രിയ ചെയ്യുക :

$75 \div 4 - 2 \times 3 + 6$

(A) 49
(B) 59
(C) 69
(D) 79

97. തന്നിട്ടുള്ള ശ്രേണിയിലെ അടുത്ത സംഖ്യ ഏത്?

8, 14, 24, 38, —

(A) 48
(B) 50
(C) 56
(D) 58

98. ഒരു സംഖ്യയുടെ $\frac{5}{8}$ ഭാഗവും ആ സംഖ്യയുടെ $\frac{2}{3}$ ഭാഗവും കൂട്ടിയാൽ 62 കിട്ടും. എന്നാൽ സംഖ്യയേത്?

(A) 30
(B) 36
(C) 48
(D) 50

99. $5 \times 7 = 66$ ആയാൽ $4 \times 2$ എത്ര?

(A) 55
(B) 44
(C) 51
(D) 80

100. ക്രിയ ചെയ്യുക : $\frac{\sqrt{2.25} \times \sqrt{0.64}}{\sqrt{0.16}}$

(A) 1
(B) 2
(C) 3
(D) 4

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**

FINAL ANSWER KEY

Question Paper Code: 166/2023

LGS,COOLY WORKER, ATTENDANT GR.II, MESSENGER etc.. (PRELIMINARY EXAM STAGE III)

Medium of Question: MALAYALAM/TAMIL/KANNADA

Date of Test: 09/09/2023

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 1 | C | C | A | B |
| 2 | B | D | A | B |
| 3 | C | A | B | C |
| 4 | D | A | B | D |
| 5 | A | B | C | C |
| 6 | A | B | D | B |
| 7 | B | C | C | C |
| 8 | B | D | B | D |
| 9 | C | C | C | A |
| 10 | D | B | D | A |
| 11 | X | C | D | X |
| 12 | X | D | C | A |
| 13 | C | D | X | B |
| 14 | D | C | A | C |
| 15 | D | X | B | X |
| 16 | C | A | C | X |
| 17 | X | B | X | C |
| 18 | A | C | X | D |
| 19 | B | X | C | D |
| 20 | C | X | D | C |
| 21 | C | D | C | B |
| 22 | A | D | A | B |
| 23 | D | C | B | C |
| 24 | D | A | B | D |
| 25 | C | B | C | C |
| 26 | A | B | D | A |
| 27 | B | C | C | D |
| 28 | B | D | A | D |
| 29 | C | C | D | C |
| 30 | D | A | D | A |
| 31 | B | D | B | C |
| 32 | C | B | A | B |
| 33 | D | A | B | D |
| 34 | B | C | B | B |
| 35 | A | D | B | B |
| 36 | D | B | C | C |
| 37 | B | A | B | A |
| 38 | A | B | D | A |
| 39 | C | B | B | B |
| 40 | D | B | B | B |
| 41 | B | C | C | C |
| 42 | A | B | A | A |
| 43 | B | D | A | B |
| 44 | B | B | B | A |
| 45 | B | B | B | D |
| 46 | C | C | C | B |
| 47 | B | A | A | C |
| 48 | D | A | B | D |
| 49 | B | B | A | B |
| 50 | B | B | D | A |
| 51 | C | C | B | D |
| 52 | A | A | C | B |
| 53 | A | B | D | A |
| 54 | B | A | B | C |
| 55 | B | D | A | D |
| 56 | C | B | D | B |
| 57 | A | C | B | A |
| 58 | B | D | A | B |
| 59 | A | B | C | B |
| 60 | D | A | D | B |
| 61 | D | D | A | B |
| 62 | X | A | B | D |
| 63 | D | B | D | X |
| 64 | A | D | X | D |
| 65 | B | X | D | A |
| 66 | A | B | D | A |
| 67 | C | D | A | A |
| 68 | B | A | A | C |
| 69 | D | A | C | B |
| 70 | A | C | B | D |
| 71 | A | D | B | B |
| 72 | C | B | B | A |
| 73 | D | B | A | C |
| 74 | B | A | C | D |
| 75 | B | C | D | B |
| 76 | A | D | B | C |
| 77 | D | B | C | A |
| 78 | D | C | A | D |
| 79 | B | A | D | D |
| 80 | C | D | D | B |
| 81 | B | D | C | B |
| 82 | D | B | A | C |
| 83 | B | B | B | C |
| 84 | B | C | C | C |
| 85 | C | A | X | C |
| 86 | D | C | B | B |
| 87 | B | A | C | D |
| 88 | B | B | C | B |
| 89 | C | C | C | B |
| 90 | A | X | C | C |
| 91 | C | B | B | D |
| 92 | A | C | D | B |
| 93 | B | C | B | B |
| 94 | C | C | B | C |
| 95 | X | C | C | A |
| 96 | B | B | D | C |
| 97 | C | D | B | A |
| 98 | C | B | B | B |
| 99 | C | B | C | C |
| 100 | C | C | A | X |

X' DENOTES DELETION